**പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &,**
**പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം.**
(ഹാജർ : ഡോ. ദിവ്യ എസ് അയ്യർ ഐ .എ.എസ്)

================================================================

ഉത്തരവ് നമ്പർ - ഡി.സി.പി.റ്റി.എ/1455 /2021 -ഡി.എം1 തീയതി : 19.10.2021.

================================================================

വിഷയം : ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പത്തനംതിട്ട - - ജില്ലയിലെ ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ ദുരന്തസാധ്യത മുൻനിർത്തി ജില്ലയിലെ ക്വാറികളുടെ പ്രവർത്തനവും മണ്ണെടുപ്പും നിരോധനം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) കേന്ദ്ര കാലാവസ്ഥാ വകുപ്പും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പുറപ്പെടുവിച്ചിട്ടുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ.
2) ഓറഞ്ച് ബുക്കിലെ നിർദേശം.
3) ഈ ഓഫീസിലെ 16.10.2021 ലെ ഇതേ നമ്പർ നടപടിക്രമം .

കേന്ദ്ര കാലാവസ്ഥാ വകുപ്പും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പത്തനംതിട്ട ജില്ലയിൽ 2021 ഒക്ടോബർ 20 തീയതി മുതൽ ശക്തമായ മഴയുള്ള സാദ്ധ്യതാ മുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ അതിശക്തമായ മഴയുടെ പഞ്ചാത്തലത്തിൽ ജില്ലയിലെ എല്ലാ താലൂക്കുകളും പ്രളയബാധിതവുമാണ്.

തുടർച്ചയായ ദിവസങ്ങളിൽ അതിശക്തമായ മഴ പെയ്യുന്നത് മണ്ണിന്റെ ഘടനയെയും, സ്ഥിരതയെയും ബാധിക്കുന്നതാണ്. ജില്ലയിലെ ക്വാറികളുടെയും, ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയ്ക്ക് കാരണമാകുവാൻ സാധ്യതയുള്ളതുമാണ്. ഓറഞ്ച് ബുക്കിലെ നിർദേശ പ്രകാരം രണ്ടു ദിവസം അടുപ്പിച്ചു മഴ പെയ്താൽ പാറ പൊട്ടിക്കൽ , മലയോരത്തു നിന്നും മണ്ണ് വെട്ടിമാറ്റുക, ആഴത്തിലുള്ള കുഴികൾ നിർമ്മിക്കുക, നിർമ്മാണത്തിനായി ആഴത്തിൽ മണ്ണ് മാറ്റുക എന്നീ പ്രവർത്തികൾ നിർത്തി വെയ്ക്കുന്നതിനു നിർദേശം നൽകിയിട്ടുണ്ട്. പരാമർശം (3) പ്രകാരം ജില്ലയിലെ പാറഖനനവും മണ്ണെടുപ്പും നിരോധിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ ജില്ലയിൽ ശക്തമായ പെയ്ത മഴയുടെ ഫലമായുണ്ടായ പ്രളയസാഹചര്യത്തിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്ത സാധ്യതകൾ ഒഴിവാകുന്നതായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയ്ക്ക് ബോദ്ധ്യപ്പെടുന്നില്ല. മാത്രമല്ല 2021 ഒക്ടോബർ 20 മുതൽ ജില്ലയിൽ വീണ്ടും ശക്തമായ മഴയ്ക്ക് കാലവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലെ എല്ലാ ക്വാറികളുടെയും പ്രവർത്തനവും, മലയോരത്തു നിന്നും മണ്ണ് വെട്ടിമാറ്റുക, ആഴത്തിലുള്ള കുഴികൾ നിർമ്മിക്കുക, നിർമ്മാണത്തിനായി ആഴത്തിൽ മണ്ണ് മാറ്റുക എന്നീ പ്രവർത്തനങ്ങൾ നിരോധിച്ച പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് 2021 ഒക്ടോബർ മാസം 24 വരെ നീട്ടി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഇക്കാര്യങ്ങൾ ദുരന്ത നിവാരണ നിയമം 2005 30(xviii), 34 (h) വകുപ്പ് പ്രകാരം ജില്ലാ പോലീസ് മേധാവി, ജില്ലാ ജിയോളജിസ്റ്റ്, റവന്യൂ ഡിവിഷണൽ ആഫീസർ അടൂർ/തിരുവല്ല, തഹസിൽദാർമാർ എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്. നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ ദുരന്ത നിവാരണ നിയമം-2005 പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതുമാണ് .

ഇത്തരത്തിലുള്ള ഏതു ലംഘനവും ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾ ഉൾപ്പടെ ആർക്കും അതത് താലൂക്കുകളിലെ കൺട്രോൾ റൂമുകളിൽ പരാതിപ്പെടാവുന്നതും, ബന്ധപ്പെട്ട തഹസിൽദാർമാർ പ്രസ്തുത പരാതി കളിൽന്മേൽ സത്വര നടപടികൾ സ്വീകരിച്ച് അത്തരം പ്രവർത്തനം നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും, കാരണക്കാരായവർക്കെതിരെ ദുരന്ത നിവാരണ നിയമം-2005, 51 വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതു മാണ് .

ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി,
& ജില്ലാ കളക്ടർ, പത്തനംതിട്ട

പകർപ്പ് :

1. ജില്ലാ പോലീസ് മേധാവി ,പത്തനംതിട്ട
2. റവന്യൂ ഡിവിഷണൽ ആഫീസർ അടൂർ/ തിരുവല്ല
3. ഡെപ്യൂട്ടി കളക്ടർ, (ജനറൽ/ എൽ.എ/ ആർ.ആർ/ എൽ.ആർ/ ഇലക്ഷൻ)
4. ജില്ലാ ജിയോളജിസ്റ്റ്, പത്തനംതിട്ട
5. തഹസിൽദാർ, അടൂർ/ തിരുവല്ല/ റാന്നി/ കോന്നി/ കോഴഞ്ചേരി/ മല്ലപ്പള്ളി
6. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ,പത്തനംതിട്ട
   (പത്ര-ദൃശ്യ സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി )
7. ജില്ലാ ഇൻഫോർമാറ്റിക്സ് ഓഫീസർ, പത്തനംതിട്ട
   (വെ സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )